പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 285 — 10/06/2013-ൽ മറുപടിക്ക്

## ആദിവാസി കോളനികളിലെ മദ്യ ഉപയോഗം തടയുവാൻ നടപടി

ചോദ്യം — മറുപടി

ശ്രീ.ഇ.കെ.വിജയൻ : കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ആദിവാസി കോളനികളിൽ അമിത മദ്യപാനം മൂലം പട്ടിണിയും പോഷകാഹാരക്കുറവും വ്യാപിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത കോളനികൾ കേന്ദ്രീകരിച്ച് വ്യാജ ചാരായ നിർമ്മാണം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ വ്യാജ ചാരായ നിർമ്മാണം തടയുന്നതിനും പോഷകാഹാരം വിതരണം ചെയ്യുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ട സ്ഥലങ്ങളിൽ വ്യാജ ചാരായ നിർമ്മാണം നിയന്ത്രിക്കുന്നതിനു പോലീസ്/ എക്സൈസ് വകുപ്പുകളും വനത്തിനുള്ളിലെ സങ്കേതങ്ങളിൽ വനം വകുപ്പ് മുഖേനയും റെയ്ഡ് നടത്തുന്നതിനും ഉത്തരവാദികൾക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ലഹരി വിരുദ്ധ ബോധവൽക്കരണത്തിന്റെ ഭാഗമായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് വകുപ്പുകളുമായും, ജനപ്രതിനിധികൾ, സമൂഹ്യ പ്രവർത്തകർ എന്നിവരുമായും സഹകരിച്ച് ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്, മെഡിക്കൽ |

| | | | | |
|---|---|---|---|---|
| | | | | ക്യാമ്പ് എന്നിവ നടത്തിയിട്ടുണ്ട്. കൂടാതെ കോളനികളിൽ സാമൂഹ്യനീതി വകുപ്പ് അംഗൻവാടി മുഖേന നടത്തിവരുന്ന പൂരക പോഷകാഹാരം വിതരണം ചെയ്യുന്ന പദ്ധതി ഊർജ്ജിത പ്പെടുത്തിയിട്ടുണ്ട്. പ്രത്യേക ശ്രദ്ധ ആവശ്യമായ സ്ഥലങ്ങളിൽ അംഗൻവാടി മുഖേന ഭക്ഷണം പാകം ചെയ്തു കൊടുക്കുന്ന പദ്ധതി ആസൂത്രണം ചെയ്തുവരുന്നു. രോഗബാധിതരെ ചികിത്സിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസനവകുപ്പ് ഫുഡ് സപ്പോർട്ട് പ്രോഗ്രാം വഴി അരി, പയർ തുടങ്ങിയ ഭക്ഷ്യസാധനങ്ങളും വിതരണം ചെയ്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ